## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.49** **03.03.2020-ലെ മറുപടിക്ക്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ.ബി. സതീഷ്<br>ശ്രീ. റ്റി.വി.രാജേഷ്<br>ശ്രീ. വി. കെ. സി. മമ്മത് കോയ<br>ശ്രീ. കെ.ജെ. മാക്സി | ഡോ. ടി.എം. തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പുമന്ത്രി |

### സമ്പദ് വ്യവസ്ഥ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി

| | | |
|---|---|---|
| (എ) | രാജ്യം അഭിമുഖീകരിക്കുന്ന സാമ്പത്തിക മാന്ദ്യവും കേന്ദ്രസർക്കാരിൽ നിന്നുള്ള വിവേചനപരമായ സമീപനവും നാണ്യ വിളകളുടെ വിലത്തകർച്ചയുമെല്ലാം സംസ്ഥാനത്ത് സൃഷ്ടിക്കാനിടയുള്ള സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ പര്യാപ്തമായ തോതിൽ നികുതി വരുമാന വർദ്ധനവ് ഉറപ്പാക്കുന്നതിന് കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ നയങ്ങളും സംസ്ഥാന സർക്കാരിനോട് പുലർത്തുന്ന വിവേചനപരമായ സമീപനവും സൃഷ്ടിച്ചിട്ടുള്ള സാമ്പത്തിക പ്രതിസന്ധി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും ആനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചു വരുന്നത്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ ബജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്.<br>2. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.<br>3. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.<br>4. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.<br>5. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.<br>6. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുക എന്ന |

| | | |
|---|---|---|
| | | ലക്ഷ്യത്തോടെ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>i. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സ്ക്രൂട്ടിണൈസ് ചെയ്ത് വ്യാപാരികളുടെ വിൽക്കൽ, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ചു കാണിച്ചതുമെല്ലാം കണ്ടുപിടിച്ച് നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചു പിടിക്കാൻ കഴിയും.<br>ii. ജി.എസ്.ടി.ആർ-2എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ-3ബി, ജി.എസ്.ടി.ആർ-1 ഇവ തമ്മിലുള്ള താരതമ്യം, ഈ-വേ ബിൽ ഡേറ്റാ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>iii. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (എ.എൻ.പി.ആർ) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്കു വാഹനങ്ങളിലും ഈ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഈ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പു വരുത്തുന്നതാണ്. ഈ-വേ ബിൽ ഇല്ലാത്ത പക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലാണ്.<br>iv. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ |

| | | |
|---|---|---|
| | | പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br>v. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ചരക്കു സേവന നികുതി വിതരണക്കാർക്കും ഉപയോക്താക്കൾക്കും ബോധ വൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വ്യാപാര സ്ഥാപനങ്ങൾ ബില്ല് കൊടുക്കുന്നുണ്ടോയെന്ന് ടെസ്റ്റ് പരിശോധനകളിലൂടെ ഉറപ്പു വരുത്തുന്നു.<br>vi. ജി.എസ്.ടി രജിസ്ട്രേഷൻ വിപുലീകരിക്കുന്നതിനുള്ള നടപടികൾ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.<br>7. വിവിധ നികുതികളും ഫീസുകളും കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) | സമ്പദ് വ്യവസ്ഥയുടെ വളർച്ച ശക്തിപ്പെടുത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള സമഗ്ര വികസന പദ്ധതികളിൽ പ്രധാനപ്പെട്ടവയെക്കുറിച്ച് അറിയിക്കാമോ; | കേന്ദ്ര സർക്കാരിന്റെ വികലമായ നയങ്ങളും ആഗോള സാമ്പത്തിക ഭൂമിശാസ്ത്രപരമായ പ്രശ്നങ്ങളും സംസ്ഥാനം ലക്ഷ്യമിടുന്ന സാമ്പത്തിക വളർച്ച കൈവരിക്കുന്നതിന് വിഘാതമാണെന്നത് ഒരു വസ്തുതയാണ്. അതോടൊപ്പം കേന്ദ്ര സർക്കാർ ഉപഭോഗം ഉത്തേജിപ്പിക്കുന്നതിന് പകരം അനുവർത്തിക്കുന്ന സപ്ലൈസൈഡ് ഇക്കണോമിക്സും നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ശുഭസൂചകമായ കാര്യമല്ല. ടി പ്രതികൂല സാഹചര്യത്തിലും എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന ബഹുതല സ്പർശിയായ വികസനം സാദ്ധ്യമാക്കുന്നതിന് ഉതകുന്ന പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ പ്രധാനപ്പെട്ടവ ഇവയാണ്.<br>i. വിഭവ ദൗർലഭ്യം മൂലം മുരടിച്ച് നിന്നിരുന്ന സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് പുതിയ വെളിച്ചം പകർന്ന കിഫ്ബിയിലൂടെ 54,000 കോടിയിൽപ്പരം രൂപയുടെ പദ്ധതികൾ പുരോഗമിക്കുകയാണ്. സാധാരണ ഗതിയിൽ ഇരുപത്തഞ്ചോ മുപ്പതോ വർഷം കൊണ്ട് ഉണ്ടാകുന്ന പശ്ചാത്തല സൗകര്യങ്ങൾ അടുത്ത മൂന്ന് വർഷം കൊണ്ട് ലക്ഷ്യമിടുന്ന മേൽ പ്രോജക്റ്റ് രാജ്യത്ത് |

| | | |
|---|---|---|
| | | ഇന്ന് നടപ്പാക്കുന്ന ഏറ്റവും വലിയ മാന്ദ്യ വിരുദ്ധ പാക്കേജാണ്.<br>ii. 2020-21 -ൽ 36811.33 കോടി രൂപയുടെ (Special Central Assistance ഉൾപ്പെടെ) വാർഷിക പദ്ധതിയാണ് ലക്ഷ്യമിടുന്നത്.<br>iii. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മൊത്തം ധനസഹായം 2020-21 -ൽ 12074 കോടി രൂപയായി ഉയർത്തി.<br>iv. 2500 കോടി രൂപയുടെ മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് റീബിൽഡ് പദ്ധതി.<br>v. എല്ലാ ക്ഷേമ പെൻഷനുകളും 1300 രൂപയായി വർദ്ധിപ്പിച്ചു.<br>vi. മൂലധന ചെലവിനായി 14,428 കോടി രൂപ വകയിരുത്തി.<br>vii. 2020-21 -ൽ ഒരു ലക്ഷം വീടുകൾ / ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി.<br>viii. നെൽകൃഷിക്ക് റോയൽറ്റി.<br>ix. വ്യവസായ പാർക്കുകൾക്കും കോർപ്പറേറ്റ് നിക്ഷേപം ആകർഷിക്കുന്നതിനും സ്റ്റാർട്ട് അപ്പുകൾക്കും ബൃഹത്തായ കർമ്മ പദ്ധതി.<br>x. 2020-21 -ൽ 500 മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി.<br>xi. 25,000 -ൽപ്പരം കോടി രൂപയുടെ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ.<br>xii. ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഗ്രീൻ ഫീൽഡ് റെയിൽപ്പാത, കൊച്ചി ഗ്രീൻ മൊബിലിറ്റി സോൺ അടക്കമുള്ള പദ്ധതികൾ.<br>xiii. പൊതുമേഖലയ്ക്ക് 2020-21 -ൽ 280 കോടി രൂപയുടെ അടങ്കൽ.<br>xiv. കേരളത്തിന്റെ വികസന സ്വപ്നങ്ങൾക്ക് താങ്ങായി കേരള ബാങ്ക്.<br>xv. സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കി കുടുംബശ്രീയ്ക്ക് ബഹുമുഖ പദ്ധതികൾ.<br>xvi. 19,130 കോടി രൂപ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് വകയിരുത്തി.<br>xvii. പ്രാദേശിക വിഷയങ്ങൾക്ക് പരിഹാരമെന്നോണം കുട്ടനാട്, വയനാട്, ഇടുക്കി പാക്കേജുകൾ. |

| | | |
|---|---|---|
| (സി) | കിഫ്ബി പദ്ധതികളുടെ നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന് വേണ്ട ഇടപെടൽ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ? | കിഫ്ബി അംഗീകരിച്ച 54,391 കോടി രൂപയുടെ പദ്ധതികളുടെ നിർവ്വഹണം ത്വരിതപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ ഭരണ വകുപ്പും നിർവ്വഹണ ഏജൻസിയും കിഫ്ബിയും തമ്മിലുള്ള മിറ്റിംഗുകൾ വിവിധ തലങ്ങളിൽ നടത്തിവരുന്നു. കിഫ്ബിയുടെ ജില്ലാതല പരിപാടിയായ 'കേരള നിർമിതി'-യുടെ ഭാഗമായി അതാത് ജില്ലകളിലെ പദ്ധതികൾ സുഗമവും സമയബന്ധിതവുമായി നടപ്പിലാക്കുന്നതിനായി നിയമസഭാ സാമാജികന്മാരെയും പൊതുജനങ്ങളെയും ബന്ധപ്പെട്ട ഭരണ വകുപ്പുകളെയും നിർവ്വഹണ ഏജൻസികളെയും ഉൾക്കൊള്ളിച്ച് യോഗങ്ങൾ നടന്നുവരുന്നു. |

**സെക്ഷൻ ഓഫീസർ**